# ബൂത്ത് ലെവൽ ഓഫീസർ
# ഇ-പത്രിക




താഴേത്തട്ടിലെ വിജയം: താഴേത്തട്ടിൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ട്, BLOമാരുടെ ഊർജ്ജിതമായ പ്രവർത്തനം

## വാള്യം 12

ജൂലൈ 2024

തിരഞ്ഞെടുപ്പ് പർവ്വം
രാജ്യത്തിന്റെ ഗർവ്വ്
ലോക്സഭ ഇലക്ഷൻ 2024

# വിജയത്തിന്റെ മാറ്റൊലികൾ: 2024 പൊതുതിരഞ്ഞെടുപ്പിലേക്കൊരു തിരിഞ്ഞുനോട്ടം

ഇന്ത്യയിൽ തിരഞ്ഞെടുപ്പിന്റെ ആധിക്യമെന്നത് സത്യത്തിൽ അമ്പരിപ്പിക്കുന്നതാണ്. കഴിഞ്ഞ കാലങ്ങളിൽ രാജ്യത്ത് 18 പൊതു തിരഞ്ഞെടുപ്പുകളും 400ലധികം സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകളും 16 രാഷ്ട്രപതി തിരഞ്ഞെടുപ്പുകളും, 16 ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളും നടത്തിയിട്ടുണ്ട്. ഇതിലൂടെ രാജ്യത്തെ ജനാധിപത്യ പ്രക്രിയയിൽ ഒരു സുവർണ്ണ നിലവാരം, പുലർത്താൻ നമ്മുക്കായിട്ടുണ്ട്. 97 കോടിയോളം രജിസ്റ്റർ ചെയ്ത വോട്ടർമാരുള്ള ഒരു വോട്ടർ അടിത്തറയുള്ള രാജ്യത്ത് ഈ തിരഞ്ഞെടുപ്പുകൾക്കായി ഏർപ്പെട്ട സേവന സൗകര്യം അളക്കാനാകാത്ത തരം വൈവിധ്യവും വിശാലവുമാണ്.

പത്തരലക്ഷത്തോളം പോളിംഗ് സ്റ്റേഷനുകളാണ് രാജ്യത്തുടനീളം ഒരുക്കിയത്. ഒന്നരക്കോടിയോളം പോളിംഗ് ഓഫീസർമാരും സുരക്ഷാ ഉദ്യോഗസ്ഥരും ഇതിനായി വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. ഇത്തരമൊരു മഹത്തായ നിലവാരത്തിൽ സുഗമവും സുതാര്യവുമായ ഒരു തിരഞ്ഞെടുപ്പ് നടത്തുന്നതിന് 55 ലക്ഷത്തോളം ഇലക്്ട്രോണിക്ക് വോട്ടിംഗ് യന്ത്രങ്ങളാണ് രാജ്യത്തുടനീളം വിന്യസിപ്പിച്ചത്. 2024 ജൂൺ 4ന് തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു കൊണ്ട് 2024 ലോകസഭാ തിരഞ്ഞെടുപ്പും, ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, ഒഡീഷ, സിക്കിം എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകളും വിജയകരമായി പൂർത്തിയാക്കാൻ നമുക്കായി.

പുതിയൊരു ലോക റിക്കോർഡ് സ്ഥാപിച്ചു കൊണ്ട് 312 ദശലക്ഷത്തോളം ഇന്ത്യൻ വനിതാ വോട്ടർമാർ തങ്ങളുടെ വോട്ടവകാശം വിനിയോഗിച്ചു. 27 യൂറോപ്യൻ രാജ്യങ്ങളിലെ മൊത്തം വോട്ടർമാരുടെ ഒന്നേകാൽ മടങ്ങ് അധികം വരും ഈ കണക്ക്.


## എഡിറ്റോറിയൽ കമ്മിറ്റി

**എൻ.എൻ. ബൂട്ടോളിയ**
സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി
(ഇലക്ടറൽ റോൾ)
ഡയറക്ടർ (ഇവിഎം)

**അശോക് കുമാർ**
ഡെപ്യൂട്ടി ഡയറക്ടർ
ജനറൽ (IT)

**ദിപാലി മസീർക്കർ**
ഡയറക്ടർ
(ഇലക്ഷൻ പ്ലാനിംഗ്)

**കുൽദീപ് കുമാർ സഹാരാവത്**
ഡയറക്ടർ (ട്രെയിനിംഗ്)
IIDEM

**സന്തോഷ് അജ്മേര**
ഡയറക്ടർ (SVEEP)
മെമ്പർ കൺവീനർ

## എഡിറ്റോറിയൽ ടീം

**ആർ.കെ.സിംഗ്**
(കോ-ഓർഡിനേറ്റർ) SVEEP

**അഹൂജ് ചന്ദക്ക്**
ജോയിന്റ് ഡയറക്ടർ മീഡിയ SVEEP

**രജനി ഉപാദ്ധ്യായ്**
കമ്മ്യൂണിക്കേഷൻ കൺസൽട്ടന്റ്

**ഫർഹ ആൽവി**
ഗ്രാഫിക് ഡിസൈനർ

# വോട്ടർമാരുടെ വൈവിധ്യം



49.7 കോടി
പുരുഷ വോട്ടർമാർ



47.1 കോടി
സ്ത്രീ വോട്ടർമാർ




85 വയസ്സിനും അതിനു മുകളിലുമുള്ള
82 ലക്ഷം വോട്ടർമാർ



48,000 ഭിന്നലിംഗ വോട്ടർമാർ



20-29 വയസ്സിനിടയ്ക്കുള്ള
19.74 കോടി ചെറുപ്പക്കാരായ വോട്ടർമാർ



100 വയസ്സായ
2.18 ലക്ഷം വോട്ടർമാർ



18-19 പ്രായക്കാരായ
1.8 കോടി കന്നി വോട്ടർമാർ



88.4 ലക്ഷം PwD വോട്ടർമാർ



19.1 ലക്ഷം സർവ്വീസ് വോട്ടർമാർ

ചരിത്രം കുറിച്ച ഈ തിരഞ്ഞെടുപ്പിൽ വോട്ടർമാരെയും വോട്ടിംഗ് സംവിധാനത്തെയും പരസ്പരം ബന്ധപ്പെടുത്തിയ ആദ്യ സമ്പർക്ക കണ്ണിയായി 10 ലക്ഷത്തിലധികം ബൂത്ത് ലെവൽ ഓഫീസർമാർ പ്രവർത്തിച്ചു. പൊതു തിരഞ്ഞെടുപ്പിന്റെ വിജയകരമായ നടത്തിപ്പിൽ ഈ BLOമാർ സുപ്രധാനമായ പങ്കാണ് വഹിച്ചത്. യോഗ്യരായ എല്ലാ വോട്ടർമാരെയും രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തിയതോടൊപ്പം അവരെ വോട്ടവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും BLOമാർക്കായി. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായും വിദൂരതയിൽ ഒറ്റപ്പെടുന്നവരുടേയും മിക്കവാറുമുള്ള സ്ഥലങ്ങളിലെല്ലാം അവർക്ക് എത്തിച്ചേരാൻ കഴിഞ്ഞു. കന്നിവോട്ടർമാരെ മുതൽ 100 വയസ്സായവരെ വരെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളാക്കാൻ അവർക്കായി. അവരുടെ അർപ്പണ ബോധവും കഠിനാധ്വാനവും ഇന്ത്യൻ ജനാധിപത്യത്തിന്റെ ചൈതന്യത്തെ പ്രകാശപൂരിതമാക്കി. 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പിനെ രാജ്യത്തിന്റെ അഭിമാന നിമിഷമാക്കി ഉയർത്താനും പൊതു തിരഞ്ഞെടുപ്പിനെ മഹത്തായ വിജയമാക്കി മാറ്റാനും അവർക്കായി.




വിശാലമായൊരു ബ്രെയിൻസ്റ്റോമിങ്ങ് സെഷനിൽ പലവിധ കൂടിയാലോചനകൾക്കും ആവർത്തനങ്ങൾക്കും ശേഷമാണ് 2024 ലെ പൊതു തിരഞ്ഞെടുപ്പിന്റെ ടാഗ് ലൈനായ 'ചുനാവ് ക പർവ്വ് ദേശ് ക ഗർവ്വ്' അതിന്റെ അന്തിമ രൂപത്തിലേക്ക് ഉരുത്തിരിഞ്ഞത്. 'ഗർവ്വ് ക പർവ്വ്' എന്നായിരുന്നു ആദ്യം ആലോചിച്ച ടാഗ് ലൈൻ. എന്നാലത് കുറച്ചുകൂടി സുതാര്യമാക്കണമെന്ന് ആലോചന വന്നു. വോട്ടർമാരിൽ തിരഞ്ഞെടുപ്പിന്റെ ഉത്സവാന്തരീക്ഷവും അഭിമാനവും ഉയർത്തുന്നതോടൊപ്പം തിരഞ്ഞെടുപ്പ് സംവിധാനത്തിലെ 2 കോടിയോളം വരുന്ന ഉദ്യോഗസ്ഥരെക്കൂടി ഉൾക്കൊള്ളുന്നതാവണം ടാഗ് ലൈൻ എന്ന ആലോചനയിലാണ് അന്തിമ മുദ്രാവാക്യത്തിലേക്ക് കമ്മീഷനെത്തിയത്.

ജനാധിപത്യത്തിന്റെ ഉത്സവം എന്ന നിലയിൽ പൊതു തിരഞ്ഞെടുപ്പിന്റെ സ്പിരിറ്റിനെ ഉൾക്കൊള്ളുന്നതോടൊപ്പം രാജ്യത്തിന്റെ അഭിമാനം ആഴത്തിൽ വീണ്ടെടുക്കുന്നതു കൂടിയായി 'ചുനാവ് കാ പർവ്വ്, ദേശ് കാ ഗർവ്വ്' എന്ന ടാഗ് ലൈൻ. 2024 ലെ ദേശീയ വോട്ടേഴ്സ് ദിനത്തിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയാണ് ഈ ടാഗ് ലൈൻ ഔദ്യോഗികമായി പുറത്തിറക്കിയത്. ബാനറുകളും മറ്റ് വാണിജ്യ സാധനങ്ങളും പ്രചരണ മാധ്യമങ്ങളും വഴി ഈ ടാഗ് ലൈൻ താഴേത്തട്ടിൽ ജനകീയമാക്കുന്നതിൽ മറ്റ് ഉദ്യോഗസ്ഥരും സുപ്രധാനമായ പങ്ക് വഹിച്ചു.

വോട്ടിംഗ് ശതമാനം വർദ്ധിപ്പിക്കുന്നതിന് സഹായിച്ചതോടൊപ്പം ഈ ടാഗ് ലൈൻ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ അർപ്പണ ബോധത്തിന്റെയും പ്രതിബദ്ധതയുടേയും പ്രതീകമായും സ്വീകരിക്കപ്പെട്ടു. ജനാധിപത്യ പ്രകിയയിലൂടെ രാജ്യത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്നതിലുള്ള ദൗത്യത്തിന് കൂട്ടായ ബോധം പരിപോഷിപ്പിക്കുന്നതിലും ഈ ടാഗ് ലൈൻ അതിന്റേതായ കർത്തവ്യം പൂർത്തീകരിച്ചു.

2024 പൊതു തിരഞ്ഞെടുപ്പിൽ അഭിമാനികളായ 640 ദശലക്ഷം ഇന്ത്യൻ വോട്ടർമാരെ വോട്ടെടുപ്പിലേക്ക് നയിച്ചത് BLO മാരുടെ ഭഗീരഥ പ്രയത്നമാണ്.

## സമഗ്രവും വിജയകരവുമായ ഒരു വോട്ടർ പട്ടിക അവർ ഉറപ്പാക്കി

2024 പൊരുതി തിരഞ്ഞെടുപ്പിൽ സമഗ്രവും കൃത്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു വോട്ടർ പട്ടിക ഉറപ്പാക്കുന്നതിൽ BLO മാർ നിർണ്ണായകമായ പങ്കാണ് വഹിച്ചത്. അർഹരായ എല്ലാ വോട്ടർമാരെയും രജിസ്റ്റർ ചെയ്യുന്നതിൽ അവർ വിജയിച്ചു. അതോടൊപ്പം അയോഗ്യരായവരെയും, ഒന്നിലധികം തവണ പേര് ഉൾപ്പെടുന്നവരെയും ലിസ്റ്റിൽ നിന്ന് ഒഴിവാക്കി, അതീവ ശ്രദ്ധയോടെ വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുന്നതിനും BLO മാർ സുപ്രധാനമായ പങ്ക് വഹിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയ മൊത്തത്തിൽ വൻ വിജയമാക്കുന്നതിൽ അത് സുപ്രധാനമായ പങ്ക് വഹിച്ചു.

വോട്ടർമാരുമായുള്ള BLO മാരുടെ ഊർജ്ജിത ആശയ വിനിമയവും ബോധവത്കരണ നടപടികളും 2024 ലോക്സഭ തിരഞ്ഞെടുപ്പിന്റെ വോട്ടിംഗ് ശതമാനത്തിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. വോട്ടർ പട്ടികയുടെ ശുദ്ധീകരണം കൊണ്ടു വന്നത്, വീടുവീടാന്തരം കയറിയിറങ്ങിയുള്ള BLO മാരുടെ വോട്ടർ പരിശോധന, വോട്ടർ സ്ളിപ്പുകളുടെ വിതരണം, വീടിനുള്ളിലേർപ്പെടുത്തിയ വോട്ടിംഗ് സൗകര്യം, പിക് ഡ്രോപ് സേവനങ്ങൾ തുടങ്ങിയവ വോട്ടെടുപ്പിലെ വോട്ടർ പങ്കാളിത്തം വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. പ്രത്യേകിച്ചും വയസ്സാവരിലും ഭിന്നശേഷിക്കാരിലും, വോട്ടിംഗ് പങ്കാളിത്തത്തിലെ നഗര പ്രദേശങ്ങളിലെ പൊതുവായ ഉദാസീനത പരിഹരിക്കുവാൻ, പുതിയ പോളിംഗ് സ്റ്റേഷനുകൾക്കായി വ്യാപകമായ സർവ്വേകളും നടത്താൻ കഴിഞ്ഞു. അതിന്റെ ഭാഗമായി വൻകിട കെട്ടിടങ്ങളുടെയും ഹൗസിംഗ് സൊസൈറ്റികളുടെയും പൊതു ഇടങ്ങളും കമ്യൂണിറ്റി ഹാളുകളും പോളിംഗ് സ്റ്റേഷനുകളാക്കാൻ കഴിഞ്ഞു. അർബൻ, സെമി-അർബൻ പ്രദേശങ്ങളിലും ചേരി പ്രദേശങ്ങളിലും പോളിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്താനായി.

## ഹോം വോട്ടിംഗിൽ BLO മാരുടെ പങ്ക്

ഹോം വോട്ടിംഗ് വിജയകരമായി നടപ്പാക്കാൻ സഹായകമായത് BLO മാരുടെ ഉറപ്പായ സേവനം മൂലമാണ്. 85 നും അതിന് മുകളിലുമുള്ള യോഗ്യരായ വോട്ടർമാരെയും, വോട്ടർ പട്ടികയിൽ 40% അളവ് മാർക്ക് പറഞ്ഞിട്ടുള്ള PWD വോട്ടർമാരെയും ഹോം വോട്ടിങ്ങിനായി രേഖപ്പെടുത്താൻ BLO മാർക്ക് കഴിഞ്ഞു. ഈ വോട്ടർമാർക്ക് വീടിന്റെ സൗകര്യത്തിലിരുന്നുകൊണ്ട് തന്നെ വോട്ട് ചെയ്യുന്നതിനായി അവർക്ക് നിർദ്ദേശങ്ങൾ നൽകാനും സൗകര്യങ്ങൾ ഏർപ്പെടുത്താനുമായി. ജനാധിപത്യ പ്രക്രിയയുടെ സത്യസന്ധതയും സമഗ്രതയും അതിലൂടെ ഉയർത്തിപ്പിടിക്കാനായി. അതിങ്ങനെയാണ്:



1. **യോഗ്യരായ വോട്ടർമാരെ തിരിച്ചറിയാനും പരിശോധിക്കാനുമായി:** യോഗ്യരായ ഹോം വോട്ടർമാരെ കണ്ടെത്താൻ BLO മാർ ഫാറം 12 D ശ്രദ്ധയോടെ പൂരിപ്പിച്ച് വാങ്ങുകയും അതിന്റെ പരിശോധന പ്രക്രിയ പൂർത്തിയാക്കുകയും ചെയ്തു.

2. **AERO മാരുമായും വോട്ടർമാരുമായും സഹകരിച്ച് പ്രവർത്തിച്ചു:** BLO AERO യ്ക്ക് നൽകുന്ന ഫാറങ്ങൾ AERO പരിശോധിച്ച് ആ അപേക്ഷകൾക്ക് അനുമതി നൽകിയ ശേഷം വോട്ടിംഗ് ദിനത്തിന് പോളിംങ്ങ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു. BLO മാർ, ഹോം വോട്ടർമാർക്ക് ആവശ്യമായ സൗകര്യങ്ങളും വിവരങ്ങളും നൽകുന്നു.

ഇത്തരത്തിൽ വോട്ടിംഗ് ദിനവും വോട്ടിംഗ് പ്രക്രിയയും മനസ്സിലാക്കിച്ച് ഉറപ്പാക്കിയ ശേഷം പോളിംഗ് ടീമിനെ വോട്ടിംഗിനായി വീടുകളിലെത്തിക്കുന്നു.

## Pick-Drop സൗകര്യത്തിൽ BLO യുടെ പങ്ക്

പോളിംഗ് സ്റ്റേഷനിൽ എത്തി വോട്ട് ചെയ്യാനായി സഹായം തേടിയ ഗർഭിണികൾ, വയസ്സായവർ, മറ്റ് ശാരീരിക പ്രശ്നങ്ങളുള്ളവർ എന്നിവർ BLO മാർക്ക് പിക് - ഡ്രോപ് സൗകര്യം ഏർപ്പെടുത്തിയിരുന്നു. ശാരീരിക വെല്ലുവിളികൾ നേടുന്നവരടക്കം എല്ലാ വോട്ടർമാരും ഈ ജനാധിപത്യ പ്രക്രിയയിൽ അനായാസമായും അന്തസ്സോടെയും പങ്കെടുക്കണമെന്നതിനാലാണിത്. അത് ഇങ്ങനെയാണ്.



1. **ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു:**

   ഗതാഗത സൗകര്യം ആവശ്യമുള്ളവരെ BLO മാരാണ് തിരഞ്ഞെടുത്തത്.

2. **ഗതാഗത സൗകര്യങ്ങളുടെ ഏകോപനം:**

   സമയബന്ധിതമായും സൗകര്യപ്രദമായും വോട്ടർമാർക്ക് യാത്ര ചെയ്തെത്താനുള്ള ഗതാഗത സൗകര്യം ഒരുക്കിയതും ഏകോപിച്ചതും BLO മാരാണ്.

3. **സുരക്ഷയും ക്ഷേമവും ഉറപ്പാക്കി:**

   ഗതാഗത സൗകര്യമുപയോഗിക്കുന്ന വോട്ടർമാർക്ക് സുരക്ഷയും കരുതലും കരുത്തും ക്ഷേമവും BLO മാർ തന്നെ ഉറപ്പാക്കി.

# ബാഷാവാണി സദാനന്ദത്തിന്റെ വിജയവഴി – അർപ്പണബോധത്തിന്റെ കഥ

ബാഷാവാണി സദാനന്ദം: MGNREGA തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഫീൽഡ് അസിസ്റ്റന്റും, 14 കൊല്ലമായി അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ബൂത്ത് ലെവൽ ഓഫീസറുമാണ് സദാനന്ദം. തെലങ്കാനയിലെ സിദ്ദിപ്പേട്ട് ജില്ലയിലെ മദാദയിൽ 24-ാം നമ്പർ പോളിംഗ് സ്റ്റേഷനാണ് സദാനന്ദത്തിന്റെത്. മദാദയിലെ 1113 വോട്ടർമാരെയും സമീപ ഗ്രാമങ്ങളായ ബൻടുപള്ളി, റമുലാപള്ളി എന്നിവിടങ്ങളിലും സേവനമെത്തിക്കുന്ന ബാഷാവാണി സദാനന്ദത്തിന്റെ ജനാധിപത്യത്തോടുള്ള അളവറ്റ അർപ്പണബോധം ഏവർക്കും പ്രചോദനമാകുന്നതാണ്.



സദാനന്ദം എന്താണ് ചെയ്തതെന്നല്ലേ? തന്റെ ഗ്രാമവാസികളിൽ 17 വയസ്സ് തികഞ്ഞ എല്ലാവരെയും ആദ്യമേ കണ്ടെത്തി, വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള രജിസ്ട്രഷൻ ഫോം മുൻകൂറായി തന്നെ അവർക്ക് നല്കി. പിന്നീട് അവർക്ക് 18 വയസ്സ് തികയുന്ന ഉടൻ തന്നെ അവരെ വോട്ടർ പട്ടികയിൽ പേര് ചേർത്തു അവരുടെ പക്കൽ നിന്ന് ഇതിനായി അദ്ദേഹം മതിയായ രേഖകൾ ശേഖരിച്ചു. അതായത് ഇന്റർമീഡിയററ് മാർക്ക് ലിസ്റ്റ്, ആധാർ കാർഡ് അല്ലെങ്കിൽ വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഉപേയാഗിച്ച് അപേക്ഷകൾ സസൂക്ഷ്മം പരിശോധിച്ചാണ് അവരെ വോട്ടർ പട്ടികയിൽ ചേർത്തത്. ഏറെക്കാലമായി പഞ്ചായത്തിൽ താമസിക്കുന്നവരെ കണ്ട് ഗ്രാമപഞ്ചായത്തിൽനിന്ന് റസിഡൻസ് സർട്ടിഫിക്കറ്റ് വാങ്ങി അവരെ വോട്ടർമാരാക്കി പട്ടികയിൽ ചേർത്തു.

തിരഞ്ഞെടുപ്പ് പാഠശാലകളും ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ച് 2023 ലെ നിയമസഭ തിരഞ്ഞെടുപ്പിലും 2024 ലെ പൊതു തിരഞ്ഞെടുപ്പിലും അദ്ദേഹം വോട്ടർമാരെ വോട്ട് ചെയ്യാൻ പ്രോത്സാഹിപ്പിച്ചു. യോഗ്യതകൾ എല്ലാ PWD വോട്ടർമാരെയും, 85 കഴിഞ്ഞ മുതിർന്ന പൗരന്മാർക്കും വീട്ടിൽ തന്നെ വോട്ട് ചെയ്യാൻ അദ്ദേഹം സൗകര്യമൊരുക്കി. ഇതിനായി അവർക്കെല്ലാം മുൻകൂർ നോട്ടീസും നല്കി അവരെ വോട്ട് ചെയ്യാൻ സജ്ജരാക്കി.



വീൽ ചെയർ സഹായമെത്തിച്ചും വോളിന്റയർമാരെ ഏകോപിപ്പിച്ചും വോട്ടെടുപ്പ് ദിവസം ബാഷാവാണിസദാനന്ദം വോട്ടർമാരെ പോളിംഗ് സ്റ്റേഷനിലെത്തി വോട്ട് ചെയ്യാൻ സഹായിച്ചു. പോളിംഗ് ബൂത്തിലെ വാഹനസൗകര്യം, അമ്മമാർക്കായുള്ള റെസ്റ്റ് റൂമുകൾ, കുട്ടികൾക്കുള്ള കളിയിടം, വനിതകൾക്കായുള്ള പ്രേത്യക പോളിംഗ് സ്റ്റേഷൻ തുടങ്ങിയവയെല്ലാം പ്രദേശവാസികളെ ബോധ്യപ്പെടുത്തി, വോട്ടിംഗ് പ്രക്രിയ എല്ലാവരെയും ഉൾക്കൊള്ളുന്നതും ആശ്വാസപ്രദവുമാണെന്ന് അനുഭവവേദ്യമാക്കാൻ അദ്ദേഹത്തിനായി. ബാഷാവാണി സദാനന്ദത്തിന്റെ അചഞ്ചലമായ അർപ്പണബോധവും അനുകമ്പാപൂർണ്ണമായ സേവനങ്ങളും സ്വന്തം സമൂഹത്തിലെ ജനാധിപത്യപ്രക്രിയയെ അത്യധികം ശക്തിപ്പെടുത്തുന്നതിന് കാരണമായി. അങ്ങിനെ ബാഷാവാണി സദാനന്ദം ഏവർക്കും ഉത്തേജനമേകുന്ന പ്രതീക്ഷയുടെ കിരണമായി.

## പോളിംഗ് സ്റ്റേഷനുകളിൽ വോട്ടർമാർക്കായുള്ള മിനിമം സൗകര്യം/ സൗകര്യങ്ങളെ ജനകീയമാക്കുന്നതിൽ BLO മാർക്കുള്ള പങ്ക്

വോട്ടർമാർക്ക് പോളിംഗ് ബൂത്തുകളിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് കാര്യമായ വിവരങ്ങൾ വിവിധ പരിപാടികളിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും അറിയിക്കുന്നതിൽ BLO മാർ ഫലപ്രദമായ പങ്ക് വഹിച്ചു. ഓരോ പോളിംഗ് ബൂത്തുകളിലും വോട്ടർമാർക്ക് എന്തൊക്കെ സഹായങ്ങളും സൗകര്യങ്ങളുമാണ് ഉള്ളതെന്ന് അവരെ ധരിപ്പിക്കാൻ BLO മാർക് കഴിഞ്ഞു. അതിങ്ങനെയാണ്.

1 **കമ്മ്യൂണിറ്റി ഔട്ട് റീച്ച് :** പ്രാദേശിക മീറ്റിങ്ങുകൾ സംഘടിപ്പിച്ച് വിവര കൈമാറ്റ സെഷനുകൾ നടത്തിക്കാനും വോട്ടിംഗ് പ്രക്രീയയിൽ പോളിംഗ് ബൂത്തിലെത്തുന്ന വോട്ടർമാർക്ക് എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാകുമെന്ന അറിവ് വ്യാപകമായി നല്കാനും BLO മാർക്ക് കഴിഞ്ഞു.



2 **വിവര സാമഗ്രികളുടെ വിതരണം :** പോളിംഗ് ബൂത്തുകളിലെ സൗകര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ലഘുലേഖകൾ,ബ്രോഷറുകൾ, മറ്റ് വിവര സാമഗ്രികൾ എന്നിവ വിതരണം ചെയ്ത് അവർ ഫലപ്രദമായ ബോധവത്കണം നടത്തി.




3 പ്രാദേശിക സംഘടനകളുമായുള്ള യോജിച്ച പ്രവർത്തനം അവസാന ലക്ഷ്യത്തിലേക്ക് എത്താൻ പ്രാദേശിക സംഘടനകളുമായും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുമായും BLO മാർ ഒത്തു ചേർന്ന് പ്രവർത്തിച്ചു.



# ഉൾക്കൊള്ളലിന്റെ വിജയം

## മയൂർഭഞ്ജിലെ ആദിവാസി മേഖലകളിൽ ഉയർന്ന പോളിംഗ് ശതമാനത്തിന്റെ ആഘോഷം.



2024 ലെ പൊതുതിരഞ്ഞെടുപ്പിൽ ഒഡീസ്സയിലെ മയൂർഭഞ്ജ് ജില്ല അസാധാരണമായ ഒരു നാഴികക്കല്ല് വോട്ടെടുപ്പിൽ പിന്നിട്ടു. 98.61 % ആയിരുന്നു ജില്ലയിലെ പിന്നോക്കം നില്ക്കുന്ന ആദിവാസി മേഖലകളിലെ (PVTGS) പോളിംഗ്. ജനാധിപത്യത്തിൽ എല്ലാവരേയും ഉൾക്കൊള്ളുന്ന വോട്ടർ പങ്കാളിത്തത്തിന്റെ ഊർജ്ജസ്വലമായ വിജയത്തിന്റെ ദൃഷ്ടാന്തമായി ഇത്.

ജില്ലാ ഭരണകൂടത്തിന്റെ പുരോഗമനപരമായ നടപടികളും വിപുലമായ SWEEP മുന്നൊരുക്കങ്ങളുമാണ് ഈ വർദ്ധിത പോളിംഗ് ശതമാനത്തിന് ഊർജ്ജമായത്. താഴേത്തട്ടിലെ BLO മാരുടെ ആത്മാർത്ഥമായ പ്രയത്നങ്ങളും ട്രൈബൽ വിഭാഗങ്ങളിൽ നടത്തിയ ബോധവത്ക്കരണ ക്യാമ്പയിനുകളും ഇതിന് കാരണമായിട്ടുണ്ട്.

### പ്രത്യേക നടപടികളുടെ സവിശേഷതകൾ

1. 55 പ്രത്യേക PVTG പോളിംഗ് ബൂത്തുകൾ ഏർപ്പെടുത്തി
2. പ്രചാരണ പ്രവർത്തനങ്ങൾ പ്രാദേശിക ഭാഷകളിലേക്ക് കൂടി വ്യാപിപ്പിച്ചു. പ്രാദേശികഭാഷകളിൽ തെരുവ് നാടകങ്ങളും ക്വിസ് മത്സരങ്ങളും സംഘടിപ്പിച്ചു.
3. ബഹുഭാഷാ ലഘുലേഖകൾ, വോട്ടർമാരെ നേരിട്ട് ബന്ധിപ്പിക്കുന്ന കലാപരമായ ചുവർ ചിത്രങ്ങൾ തുടങ്ങിയവയിലൂടെ സംവേദനക്ഷമമായ നടപടികൾ കൈക്കൊണ്ടു.
4. എല്ലാവിധ സൗകര്യങ്ങളുമൊരുക്കിയ മോഡൽ പോളിംഗ് സ്റ്റേഷനുകളിലൂടെ സുഗമമായ ഒരു പോളിംഗ് അനുഭവം ഒരുക്കാനായി.
5. PVTGS വിഭാഗങ്ങളെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സ്പെഷ്യൽ രജിസ്ട്രേഷൻ നടപടികൾ ഉണ്ടായി.



അർപ്പണ ബോധത്തോടെയുള്ള ഈ നടപടികളിലൂടെ മയൂർഭഞ്ജ് മണ്ഡലത്തിൽ 75.79% എന്ന മികച്ച വോട്ടിംഗ് ശതമാനം കൈവരിക്കാനായി. 2024 ലോക്സഭാ തിരഞ്ഞെടുപ്പിലെ 77 % മൊത്തം പോളിംഗ് ശതമാനത്തിലേക്ക് ഉയരാൻ ഈ നടപടികളും സഹായിച്ചു. ട്രൈബൽ മേഖലകളിലെ ഈ ഉയർന്ന പോളിംഗ് ശതമാനം തിരഞ്ഞെടുപ്പ് പ്രക്രിയ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതാണെന്ന ബോധ്യത്തോടെ മികച്ച ഒരു അംഗീകാരം നേടിത്തന്നു. വിവിധ ജനവിഭാഗങ്ങളിൽ പക്ഷപാതരഹിതമായ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിൽ ഭാവി തിരഞ്ഞെടുപ്പുകൾക്ക് സുപ്രധാനമായ മാർഗ്ഗ ദർശിത്വമായി മയൂർ ഭഞ്ജിലെ വോട്ടെടുപ്പ്.

## IT ടൂളുകൾ ഉപയോഗിച്ച് കൊണ്ടുള്ള BLOമാരുടെ കർത്തവ്യ നിർവ്വഹണവും ഉത്തരവാദിത്തങ്ങളും

BLO മാർക്ക് അവരുടെ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സാങ്കേതികതയുടെ സഹായവും കാരണമായി. അവരുടെ കഠിനാദ്ധ്വാനവും സ്ഥിരോത്സാഹവും നിലനിർത്തുന്നതിൽ IT ടൂളുകളായ വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ്, നോ യുവർ കാൻഡിഡേറ്റ് ആപ്പ്, C-Vigil ആപ്പ്, 1950 ഹെൽപ്പ് ലൈൻ എന്നിവ അവർക്ക് തുണയായി. അവർ സ്വയം ഈ ടൂളുകൾ ഉപയോഗിച്ചതിനൊപ്പം വോട്ടർ രജിസ്ട്രേഷനും തിരുത്തലിനും, പുതുക്കലിനും ഇവ ഏറെ സഹായകരമാണെന്ന് വോട്ടർമാരെ പഠിപ്പിക്കാനും അവർക്കായി.


**1. വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ്**
വോട്ടർമാരുടെ സംശയങ്ങളും അവർക്കു വേണ്ട സഹായവും ഈ ആപ്പ് ഉപയോഗിച്ച് കൊണ്ട് BLO മാർ നിറവേറ്റി. അത് തിടുക്കത്തിലുള്ള പരിഹാരവും വിശ്വസനീയമായ പിന്തുണയും വോട്ടർമാർക്ക് ഉറപ്പാക്കി.

**3. C- Vigil**
തിരഞ്ഞെടുപ്പ് കാലത്ത് പരാതികൾ രജിസ്ററർ ചെയ്യാൻ അവർ C-vigil ആപ്പ് പരമാവധി പ്രചരിപ്പിച്ചു. ഇതിലൂടെ സുതാര്യത ഉറപ്പു വരുത്തി.



**2. നോ യുവർ കാൻഡിഡേറ്റ് (KYC)**
മികച്ച സ്ഥാനാർത്ഥിയെ തിരഞ്ഞെടുക്കുന്നതിൽ വോട്ടർമാരെ സഹായിക്കാൻ അവർ KYC ആപ്പ് പ്രചരിപ്പിച്ചു.

**4. 1950 ഹെൽപ്പ് ലൈൻ**
വോട്ടർമാരുടെ സംശയ ദൂരികരണത്തിന് ഉടനടി മറുപടി നൽകുന്നതിനുള്ള 1950 ഹെൽപ്പ് ലൈൻ സഹായത്തെക്കുറിച്ച് അവർ ജനകീയ പ്രചാരണങ്ങൾ നടത്തി.




## BLO മാരുടെ സുഗമമായ വോട്ടർ സ്ലിപ്പ് വിതരണവും വോട്ടർ ഗൈഡ് വിതരണവും

വോട്ടർ പട്ടികയിൽ തങ്ങളുടെ പേരുണ്ടെന്ന ആത്മ വിശ്വാസം ഓരോ വോട്ടർ മാരിലുണ്ടാക്കാൻ വോട്ടർ സ്ലിപ്പുകളും വോട്ടർ ഗൈഡുകളും സഹായകമായി. എല്ലാ വോട്ടർമാരിലും അത്യാവശ്യമായ കാര്യങ്ങളുടെ അറിവ് എത്തിക്കുന്ന ഈ വിതരണ പ്രക്രിയ BLO യെ സഹായിക്കും. തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമവും ആത്മ വിശ്വാസത്തോടെയും പൂർത്തിയാക്കാൻ ഇത് സഹായകമായി.

**01**
**വീടുവീടാന്തരമുള്ള വിതരണം:**
വോട്ടർ സ്ലിപ്പുകളും വോട്ടർ ഗൈഡുകളും BLO മാർ നേരിട്ട് വീടുകളിലെത്തി വിതരണം ചെയ്തു. വോട്ടിംഗ് ദിവസം പോളിംഗ് ബൂത്തുകൾ തുടങ്ങി വോട്ടർമാർക്ക് ആവശ്യമായ വിവരങ്ങൾ നേരിട്ടറിയിക്കാൻ ഇതിലൂടെ സാധിച്ചു.

**02**
**RWA യുമായും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുമായുമുള്ള കൂട്ടായ പ്രവർത്തനം**
വോട്ടർമാരെ ബോധവൽക്കരിക്കാനും അവരുടെ ഉത്കണ്ഠകൾ തിരിച്ചറിയാനും ഇവർ പരസ്പര വിനിമയ സെഷനുകൾ ഒരുക്കി.

**03**
**ബൂത്ത് ലെവൽ ഏജന്റുമാരുമായുള്ള സഹകരണം:**
വോട്ടർ സ്ലിപ്പുകളും വോട്ടർ ഗൈഡുകളും വിതരണം ചെയ്യുന്നതിലും വോട്ടെടുപ്പ് ദിവസം സൗകര്യങ്ങൾ ഒരുക്കുന്നതിലും, താഴേത്തട്ടിലെ പരിപാടികൾ ഒരുക്കുന്നതിലും ഈ സഹകരണം BLOമാർക്ക് ഉപയോഗമായി.

**04**
**പ്രാദേശിക പ്രതിനിധികളുമായുള്ള ഏകോപനം:**
പ്രാദേശിക തലത്തിൽ ഗ്രാമ പ്രധാൻമാരുമായും നഗര പഞ്ചായത്ത് പ്രവർത്തകരുമായുമുള്ള സഹകരണം മൊത്തത്തിലുള്ള ഏകോപനത്തിനു സഹായകമായി.

# ശിവയുടെ വിജയ വഴി:
## അർപ്പണ ബോധത്തിന്റെ കഥ

തെലുങ്കാനയിലെ മഹബൂബ് നഗർ ജില്ലയിലെ ശാന്തമായ ഒരു ടൗണിലെ മുനിസിപ്പൽ വാർഡിലാണ് ശിവ ജോലി ചെയ്യുന്നത്. മഹ്ബൂബ് നഗർ ഇവിടുത്തെ ടൗണിലെ 253-ാം നമ്പർ പോളിംഗ് സ്റ്റേഷനിലെ ബൂത്ത് ലെവൽ ഓഫീസറാണ് അദ്ദേഹം. തന്റെ ജോലിയിലുള്ള അർപ്പണബോധവും സമൂഹത്തിന്റെ ഉന്നതിക്കായുള്ള അയാളുടെ പ്രതിബന്ധതയും അചഞ്ചലമാണ്. പകരം വയ്ക്കാനാവാത്തതുമാണ്

ഒരു VRA മാത്രമായിരുന്ന ശിവ തന്റെ പ്രദേശത്തെ തിരഞ്ഞെടുപ്പ് പ്രക്രിയുടെ മേൽനോട്ടം കൂടി ഏറ്റെടുത്ത് ബൂത്ത് ലെവൽ ഓഫീസറുടെ അധിക ഉത്തരവാദിത്തം കൂടി നിറവേറ്റി. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ എല്ലാ കാര്യങ്ങളും സത്യസന്ധതയോടെയും സുതാര്യവുമായാണ് നടക്കുന്നതെന്ന് ശിവ ഉറപ്പ് വരുത്തിയിരുന്നു. കൃത്യവും പുതുക്കിയതുമായ ഒരു വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതിൽ അഭിനന്ദനാർഹമായ അർപ്പണ മനോഭാവമാണ് അദ്ദേഹം പുലർത്തിയത്. എല്ലാ പോളിംഗ് സ്ലിപ്പുകളും വിതരണം ചെയ്തതിനൊപ്പം ഓരോ വോട്ടർമാരെയും വോട്ടു ചെയ്യാനും അദ്ദേഹം പ്രേരിപ്പിച്ചു.

വെല്ലുവിളികൾ, ലക്ഷ്യം നിറവേറ്റുന്നതിൽ ശിവയ്ക്ക് തടസ്സമായില്ല. തന്റെ വാർഡിലെ എല്ലാ വീടുകളും അദ്ദേഹം നേരിട്ട് പോയി മൂന്നോ നാലോ തവണ പരിശോധിക്കുമായിരുന്നു. സുഖസൗകര്യങ്ങൾ അന്വേഷിക്കുമായിരുന്നു. ശിവയുടെ സത്യസന്ധതയും അനുകമ്പ പൂർണ്ണമായ പെരുമാറ്റവും ഇതിന് തെളിവാണ്. ഒരു സ്ഥിര സന്ദർശനം എന്ന നിലയ്ക്ക് മാത്രമായിരുന്നില്ല ഈ പ്രവർത്തികൾ. വോട്ടർമാരോട് ഉള്ളു തുറന്ന് സംസാരിക്കാൻ കഴിഞ്ഞെന്ന് മാത്രമല്ല അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരങ്ങൾ കണ്ടെത്താനും ഇതിലൂടെ കഴിഞ്ഞു. തടസ്സങ്ങളെല്ലാം ഒന്നൊന്നായി മറികടന്നു. വാർഡിലെ മരിച്ചു പോയ ഒരാളും വോട്ടർ പട്ടികയിൽ ഇല്ലെന്ന് ഉറപ്പ് വരുത്തി. ഇരട്ട വോട്ടുകളും ഇല്ലെന്ന് ഉറപ്പാക്കി. യോഗ്യരായ എല്ലാ പൗരന്മാരും അവിടെ വോട്ടറായി പട്ടികയിൽ ചേർക്കപ്പെട്ടു.

വോട്ടർ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ SVEEP പ്രവർത്തനങ്ങളിൽ ശിവ സജീവമായി പങ്കെടുത്തു. വോട്ടേഴ്സ് ഗൈഡും വോട്ടർ ഇൻഫർമേഷൻ സ്ലിപ്പും (VIS) പോളിംഗ് ബൂത്തിലെ എല്ലാ വോട്ടർമാർക്കും ലഭ്യമായെന്ന് ഉറപ്പ് വരുത്തി. വ്യക്തിപരമായി തെലുങ്കിലുള്ള വോട്ടേഴ്സ് ഗൈഡും VIS ഉം അദ്ദേഹം നേരിട്ട് നൽകി. അതിലടങ്ങിയ കാര്യങ്ങൾ വിവരിച്ച് നല്കി വോട്ടർ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കി.



ശിവയുടെ വിജയം ഇന്ന് ശ്രദ്ധേയവും പ്രശംസാർഹവും അസാധാരണവും ആണ്. തന്റെ പ്രദേശത്തുള്ളവരെയെല്ലാം വോട്ടിംഗ് പ്രക്രിയയിൽ പങ്കാളികളാക്കി വിജയം കൈവരിച്ച ആളാണ് ശിവ.

## പോളിംഗ് സ്റ്റേഷനുകളിലെ സഹായ ഹസ്തം

വോട്ടിംഗ് ദിവസം പോളിംഗ് സ്റ്റേഷനുകളിൽ ഹെൽപ്പ് ഡസ്ക്കിൽ ഇരുന്ന് സുപ്രധാനമായ പിന്തുണയാണ് BLO മാർ നലകിയത്. വോട്ടിംഗ് പ്രക്രിയയിൽ വോട്ടർമാർക്ക് മതിയായ പിന്തുണയും നിർദ്ദേശങ്ങളും വിവരങ്ങളും BLO മാരിൽ നിന്ന് ലഭിച്ചു. അത് എല്ലാവരെയും ഉൾക്കൊള്ളുന്നതും സുഗമവുമായ ഒരു സംഭാവനയായിരുന്നു.

**1. തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പാക്കി:** പോളിംഗ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾഎല്ലാം ഉറപ്പാക്കുന്നതോടൊപ്പം പോളിംഗ് സ്റ്റേഷന്റെ പ്രവർത്തനം തടസ്സങ്ങളില്ലാതെ മുന്നോട്ട് കൊണ്ടു പോകാനും BLO മാർക്ക് കഴിഞ്ഞു.

**2. വോട്ടർമാരെ സഹായിച്ചു:** ഒരു പോസിറ്റീവ് വോട്ടിംഗ് അനുഭവം നിലനിർത്തിക്കൊണ്ട് വോട്ടർമാർക്കുള്ള സേവനങ്ങൾ, പ്രത്യേകിച്ച് സ്പെഷ്യൽ സേവനങ്ങൾ വേണ്ടവർക്ക് ഉറപ്പാക്കി.

**3. ക്രമീകരണം നടപ്പിലാക്കി:** വോട്ടർ പട്ടികയിലെ പേരുകൾ സംബന്ധിച്ച് പോളിംഗ് സ്റ്റേഷനുകളിൽ ഉയർന്ന തർക്കങ്ങൾ പരിഹരിക്കാനും ക്രമീകരണങ്ങൾ ഏർപ്പെടുത്താനും കഴിഞ്ഞു.

# താഴേത്തട്ടിലെ വിജയ കഥകൾ





ആന്ധ്രാ പ്രദേശിലെ കണ്ഡുകുർ നിയമസഭാ മണ്ഡലത്തിൽ (നമ്പർ 109) 271 പോളിംഗ് സ്റ്റേഷനുകളിൽ 271 ബൂത്ത് ലെവൽ ഓഫീസർമാരെ (BLO) നിയമിച്ചു. അവർ ഈ തിരഞ്ഞെടുപ്പിൽ നിർണ്ണായകമായ ഒരു പങ്കാണ് വഹിച്ചത്. 2023 ജൂലൈ 21 മുതൽ വോട്ടർ പട്ടികയുടെ സ്പെഷ്യൽ സമ്മറി റിവിഷൻ (SSR) ആരംഭിച്ചു. ആ SSR നു ശേഷം മൊത്തം വോട്ടർമാരുടെ എണ്ണം 218913 ആയി. ജൂലൈ 21 മുതൽ ആഗസ്റ്റ് 21 വരെ വീടുവീടാന്തരം കയറിയിറങ്ങി ഈ BLO മാർ 1165 വോട്ടർമാരെ പുതുതായി ചേർത്തു. ഇരട്ട വോട്ടുകൾ, മരിച്ചവർ, മണ്ഡലത്തിൽ നിന്ന് സ്ഥിരമായി താമസം ഒഴിഞ്ഞ് പോയവർ എന്നിങ്ങനെ 5838 പേരെ പട്ടികയിൽ നിന്ന് ഒഴിവാക്കി. 3050 വോട്ടർമാരുടെ വിവരങ്ങൾ തിരുത്തി ശരിയാക്കി. സമാനമായ ഫോട്ടോകൾ ഉൾപ്പെടെ 366 എൻട്രികൾ, ഭാഗികമായവ 605, 80 DSE കൾ, മറ്റുള്ളവയായി 60 DSEകൾ എന്നിങ്ങനെ ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 29 വരെയായി കണ്ടെത്തി വോട്ടർ പട്ടിക കുറ്റമറ്റതായി.

വീട്ടിലെ വോട്ടിനും അവരെ ഉപകാരപ്പെട്ടു. വീടു വീടാന്തര മുള്ള സർവ്വെകളിലൂടെ 85 കഴിഞ്ഞ വോട്ടർമാരെയും 40% ദൗർബല്യമുള്ള PWD വ്യക്തികളെയും ഹോം വോട്ടിംഗി നായി അവർ കണ്ടെത്തി. കണ്ഡുകുർ നിയമസഭാ മണ്ഡല ത്തിൽ ഇങ്ങനെ കണ്ടെത്തിയ 126 വ്യക്തികളിൽ 123 പേർക്ക് വീട്ടിലെ വോട്ട് സൗകര്യം ഏർപ്പെടുത്താനായി.

കന്നി വോട്ടർമാർ, സ്ത്രീകൾ, ദുർബല വിഭാഗ ങ്ങൾ, ട്രൈബൽ ഗ്രൂപ്പുകൾ (PVTGS) എന്നി വരെ സഹായിക്കാനായി 2024 ഏപ്രിൽ 15ന് BLO മാർ ഒരു ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. അവർ ആദിവാസി മേഖലകൾ സന്ദർശിച്ചു. അവരോട് വോട്ടിംഗിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിന്റെ ആധികാരികതയെപ്പറ്റി അറിവ് നൽകി. വോട്ടർ പട്ടികയിൽ പേര് പരിശോധിക്കേണ്ടതെങ്ങനെയെന്ന് അറിയിച്ചു. വോട്ടർമാരുടെ ആത്മവിശ്വാസം കൂട്ടാനും പോളിംഗ് ശത മാനം വർദ്ധിപ്പിക്കാനുമെല്ലാം ഇത് കാരണമായി. തെരുവ് രംഗോളി, പോസ്റ്റ് കാർഡ് ക്യാമ്പയിനുകൾ, നീതിപൂർവ്വമായ വോട്ടിംഗ് നടപ്പാക്കേ ണ്ടതിന്റെ ബോധവത്കരണ സെഷനുകൾ കന്നി വോട്ടർമാർക്കായി സംഘടിപ്പിക്കുക തുടങ്ങിയ സ്പെഷ്യൽ പരിപാടികൾ അവിടെ നടപ്പായി. അവരുടെ കഠിന പ്രയത്നത്തിലൂടെയും അർപ്പണ ബോധ ത്തിലൂടെയും കണ്ഡുകുർ നിയമസഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സത്യസന്ധതയും നീതിയും സമഗ്രതയും ഈ BLO മാർക്ക് ഉയർത്തിപ്പിടിക്കാനായി. അവരുടെ പ്രവർത്തിയിലൂടെ കണ്ഡുകുർ മണ്ഡലത്തിൽ വോട്ടർ പങ്കാളിത്തം കൂട്ടാനും പോളിംഗ് ശതമാനം വർദ്ധിപ്പിക്കാനും 2024 തിരഞ്ഞെടുപ്പ് വലിയൊരു വിജയ ശതമാനമാക്കാനും അവർക്ക് കഴിഞ്ഞു.

1440 നമ്പർ പോളിംഗ് സ്റ്റേഷൻ സ്ത്രീ വോട്ടർമാർക്ക് മാത്രമായ പിങ്ക് പോളിംഗ് സ്റ്റേഷനുകളാക്കി മാറ്റി. പിങ്ക് കളറടിച്ച് പിങ്ക് ബലൂണുകൾ കെട്ടി ഈ പോളിംഗ് സ്റ്റേഷനുകൾ പിങ്ക് മയമാക്കി. കുട്ടികളുമായി വരുന്ന സ്ത്രീകൾക്ക് ഒരു ബേബിക്രഷും കളിപ്പാട്ടങ്ങളുമൊ രുക്കി. ഗർഭിണികളായ സ്ത്രീകൾക്കും PWD വനിത കൾക്കും വോട്ടിംഗിനെത്തി മടങ്ങാനുമായി ഒരു വനിത ഡ്രൈവർ അടങ്ങുന്ന ആട്ടോറിക്ഷയും സജ്ജമാക്കി. സൗകര്യപ്രദവും ഏവരെയും ഉൾക്കൊള്ളുന്നതുമായ ഒരു വോട്ടിംഗ് അനുഭവം അവിടെ കൊണ്ടു വരാൻ അവർക്ക് കഴിഞ്ഞു.

ഇൻക്ലൂസിവ് ഇലക്ഷൻസ് എന്ന വിഷയത്തെ മുൻനിർത്തി 2024 ജനുവരി 26ന് പുറത്തിറക്കിയ തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫ് ഇന്ത്യയുടെ സ്മരാണർത്ഥമുള്ള സ്റ്റാമ്പ്.

proud Moment




*A commemorative stamp on the Election Commission of India, on the theme of inclusive elections, issued on January 25, 2024*